**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2457** **04-03-2025 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലെ ട്രോമാകെയർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി മുഖേന 57.69 കോടി രൂപയുടെ ധനകാര്യ അനുമതി ലഭിച്ച കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിലെ ട്രോമാകെയർ ഒന്നാംഘട്ട പദ്ധതി എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദീകരിക്കാമോ? | (എ) | കണ്ണൂർ പരിയാരം മെഡിക്കൽ കോളേജിന്റെ വികസന പദ്ധതി കിഫ്ബി മുഖേന നടപ്പാക്കുന്നതിന് സർക്കാർ പുറപ്പെടുവിച്ച 24-01-2020 ലെ G.O (Rt) No.181/2020/H&FWD നമ്പർ ഉത്തരവു പ്രകാരം ട്രോമാ കെയറിന്റെ ഒന്നാം ഘട്ട വികസനത്തിന് 57.69 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ, പദ്ധതി നിർവ്വഹണ ഏജൻസിയായ വാപ്കോസ് സമർപ്പിച്ച ശിപാർശയിന്മേൽ, 03-11-2020 ലെ ഉത്തരവിൻ പ്രകാരം 51.297 കോടി രൂപയുടെ ധനാനുമതി കിഫ്ബി നൽകിയിരുന്നു. പിന്നീട് ഡിസൈനിലുണ്ടായ മാറ്റത്തെത്തുടർന്ന് എസ്റ്റിമേറ്റിൽ വ്യത്യാസം വരികയും തദനുസരണമുള്ള പുതുക്കിയ ശിപാർശ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ടി ശിപാർശയുടെ അവലോകനം നടന്നുവരുന്നതും ഇതിന്റെ ഭാഗമായി വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് വാപ്കോസിന് ഫയൽ മടക്കി നൽകിയിരിക്കുകയുമാണ്. |

സെക്ഷൻ ഓഫീസർ